## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :552** **27-07-2015-ൽ മറുപടിക്ക്**

### പൊതുമാർക്കറ്റിലെ അമിതവില

ചോദ്യം

**ശ്രീ.കെ.രാധാകൃഷ്ണൻ**
**ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻനായർ**
**ശ്രീ.വി.ചെന്താമരാക്ഷൻ**
**ശ്രീ.സി.കൃഷ്ണൻ**

ഉത്തരം

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഉത്സവകാലങ്ങളിൽ സപ്ലൈകോ മുഖേന നടത്തുന്ന വില നിയന്ത്രണ നടപടികളിൽ നിന്ന് സർക്കാർ പിൻവാങ്ങിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കഴിഞ്ഞ ഓണം, വിഷു ഉത്സവ ചന്തകളിൽ ഭക്ഷ്യവസ്തുക്കൾ ദുർലഭമായിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (ബി) | ഇല്ല. |
| (സി) | 2015 ലെ റമദാൻ ചന്ത ഇടങ്ങാനായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; വസ്തുക്കളുടെ കുറവ് വരുത്തിയിട്ടുണ്ടോ; | (സി) | 2009-ൽ 43 റമദാൻ ചന്തകളാണ് ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് വന്നതിന് ശേഷമാണ് ചന്തകളുടെ എണ്ണം കൂട്ടിയത്. 2015-ൽ കേരളത്തിലുടനീളം 64 റംസാൻ ഫെയറുകൾ സംഘടിപ്പിച്ച് റംസാൻ കാലത്ത് ആവശ്യമായ നെയ്യ്, ബിരിയാണി അരി തുടങ്ങി എല്ലാ ഭക്ഷ്യവസ്തുക്കളും റംസാൻ ഫെയറുകൾ വഴി പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കിയിരുന്നു. |
| (ഡി) | ഓണം അടുത്തിരിക്കുന്ന സാഹചര്യത്തിൽ പൊതുമാർക്കറ്റിലെ അമിതവില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഓണച്ചന്തകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ; കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | ഉപഭോക്താക്കൾക്ക് ഉത്സവകാലത്ത് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ഓണക്കാലത്ത് അവശ്യവസ്തുക്കളുടെ പൊതുവിപണിവില വർദ്ധനവ് നിയന്ത്രിക്കുന്നതിനും ഓണക്കാലത്ത് സംസ്ഥാനമൊട്ടാകെ ഓണച്ചന്തകൾ ആരംഭിക്കുന്നതിന് സപ്ലൈകോ വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോയുടെ ഓണം മെട്രോഫെയറുകൾ 10-08-2015 മുതൽ പ്രവർത്തിച്ചു തുടങ്ങുന്നതാണ്. ജില്ലാതല ഓണം ഫെയറുകളും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ആരംഭിക്കുന്ന ഓണം മാർക്കറ്റുകൾ സ്പെഷ്യൽ ഫെയറുകൾ തുടങ്ങിയവയിലൂടെയും കൂടാതെ സപ്ലൈകോ മിനി ഫെയറുകളും വഴിയും പൊതുജനങ്ങൾക്ക് ആവശ്യമായ പച്ചക്കറി ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും ന്യായവിലയ്ക്ക് സപ്ലൈകോ ലഭ്യമാക്കുന്നതാണ്. |

<table>
<tr>
<td>(ഇ)</td>
<td>ഉത്സവകാലങ്ങളിൽ മാർക്കറ്റിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് സർക്കാർ പ്രത്യേകം ഫണ്ട് അനുവദിക്കാറുണ്ടോ; ഈ വർഷം ഫണ്ട് ലഭിച്ചിട്ടുണ്ടോ; മുൻ വർഷങ്ങളിൽ കുടിശ്ശികയുണ്ടോ; വിശദമാക്കാമോ?</td>
<td>(ഇ)</td>
<td>റംസാൻ/ ഓണക്കാലത്ത് നടത്തുന്ന മാർക്കറ്റിടപെടൽ പദ്ധതി, ബി.പി.എൽ കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റ് വിതരണം, എല്ലാ റേഷൻ കാർഡുടമകൾക്കുമുള്ള സ്പെഷ്യൽ പഞ്ചസാര വിതരണം എന്നിവ നടപ്പിലാക്കുവാൻ മാർക്കറ്റിടപെടൽ പദ്ധതിയുടെ വിഹിതത്തിൽ നിന്നും 64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉത്സവകാലത്തെ മാർക്കറ്റിടപെടൽ പദ്ധതിക്കായി സപ്ലൈകോയ്ക്ക് ലഭിക്കാനുള്ള കുടിശ്ശികതുക സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>Year</th><th>Festival Season MIO (In Crores)</th><th>BPL Kit (In Crores)</th><th>Special Sugar (In Crores)</th></tr>
<tr><td>2011-12</td><td>36.90</td><td>16.68</td><td>0</td></tr>
<tr><td>2012-13</td><td>71.58</td><td>14.87</td><td>0</td></tr>
<tr><td>2013-14</td><td>77.90</td><td>16.16</td><td>2.83</td></tr>
<tr><td>2014-15</td><td>78.40</td><td>11.87</td><td>0.70</td></tr>
<tr><td>Total</td><td>264.78</td><td>59.58</td><td>3.53</td></tr>
</table>
</td>
</tr>
</table>

Beena

സെക്ഷൻ ഓഫീസർ